**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3455** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ വളർച്ചാനിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എ. രാജ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം കാർഷികമേഖലയിൽ മെച്ചപ്പെട്ട വളർച്ചാനിരക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സാമ്പത്തിക സ്ഥിതി വിവരക്കണക്കു വകുപ്പ് പ്രസിദ്ധീകരിച്ച കണക്ക് അനുസരിച്ച്, ഈ സർക്കാർ അധികാരത്തിൽ വന്ന 2020-21 മുതൽ2023-24 വരെ കാർഷികമേഖലയിലെ മൂല്യവർദ്ധനവിൽ (Gross Value Added) നിലവിലെ വിലയെ (Current Price) അടിസ്ഥാനമാക്കി 19.87% വും സ്ഥിരവിലയെ (Constant Price) അടിസ്ഥാനമാക്കി 11.62% വും വളർച്ചയുണ്ടായിട്ടുണ്ട്. ഓരോ വർഷത്തെയും മുൻവർഷത്തെ അപേക്ഷിച്ചുള്ള വളർച്ചാനിരക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഉയർന്ന വളർച്ചാനിരക്ക് കൈവരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) | കാർഷിക മേഖലയിലെ വളർച്ചാ നിരക്ക് സാധാരണഗതിയിൽ അളക്കുന്നത് കാർഷിക മേഖലയിലെ "അധിക മൊത്ത മൂല്യ (ജിവിഎ)" ശതമാനം മാറ്റം ഒരു നിശ്ചിത കാലയളവിൽ കണക്കാക്കിയാണ്. ജിവിഎ കണക്കാക്കാൻ കാർഷിക ഉല്പാദനം, ഉല്പാദനോപാധികൾക്കുള്ള ചെലവുകൾ, വിലകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചാണ്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രധാന കാർഷികോല്പന്നങ്ങളായ നെല്ല്, നാളികേരം എന്നിവയുടെ ഉല്പാദനക്ഷമതയിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക, സ്ഥിതിവിവരക്കണക്ക് വകുപ്പിൽ നിന്നു ലഭിച്ച കണക്കുകൾ പ്രകാരം നെല്ലിന്റെ (അരി) ഉല്പാദനക്ഷമത 2021-22ൽ 2884 (കി.ഗ്രാം/ഹെക്ടർ) ൽനിന്നും 2022-23ൽ 3117 (കി.ഗ്രാം/ഹെക്ടർ) ആയും തേങ്ങയുടെ ഉല്പാദനക്ഷമത യഥാക്രമം 7231 (എണ്ണം/ഹെക്ടർ)ൽനിന്നും 7419 (എണ്ണം/ഹെക്ടർ) ആയി വർദ്ധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വിള വൈവിധ്യവൽകരണം, വിള പരിക്രമം, ജലസംരക്ഷണ മാർഗ്ഗങ്ങളായ മൈക്രോ ഇറിഗേഷൻ, ഡ്രിപ്പ് ഇറിഗേഷൻ, ഡ്രോണുകളുടെ ഉപയോഗം തുടങ്ങിയ ആധുനിക കൃഷിരീതികൾ പ്രോൽസാഹിപ്പിച്ചും, ഉയർന്ന മൂല്യമുള്ള വിളകളായ സുഗന്ധവിളകളുടെയും പഴവർഗ്ഗ വിളകളുടെയും കൃഷി പ്രോൽസാഹിപ്പിച്ചും, കാലാവസ്ഥയെ പ്രതിരോധിക്കുന്ന കൃഷി പ്രോത്സാഹിപ്പിച്ചും സംസ്ഥാനത്തെ കാർഷിക മേഖല മെച്ചപ്പെടുത്താനാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിവിധ പദ്ധതികളിലൂടെ ശ്രമിക്കുന്നത്.<br><br>ഇവ കൂടാതെ ലോക ബാങ്കിൽ നിന്നും 200 മില്യൻ ഡോളർ വായ്പ ഉപയോഗിച്ച് അടുത്ത അഞ്ചു വർഷം കൊണ്ട് നടപ്പാക്കുന്ന കേര (KERA) പദ്ധതിയിലൂടെയും, സംസ്ഥാനത്ത് കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനും, മൂല്യവർദ്ധനവിനും, മികച്ച വിപണി ഒരുക്കി കൊടുക്കുന്നതിനും രൂപീകൃതമായ KABCO കമ്പനിയുടെ പ്രവർത്തനങ്ങളിലൂടെയും കാർഷിക മേഖലയിൽ സമൂലമായ മാറ്റങ്ങൾ പ്രകടമാകും. |
| (സി) | കാർഷികമേഖലയിൽ കൂടുതൽ അടിസ്ഥാനസൗകര്യ വികസനം സാധ്യമാക്കുന്നതിനായി സ്വീകരിച്ചു വരുന്ന നപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | കൃഷി വകുപ്പിന്റെ വാർഷിക പദ്ധതി, നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്, റീ ബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന എന്നിവ മുഖേന കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ പദ്ധതികളിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളിലെയും മറ്റ് കൃഷിയിടങ്ങളിലെയും കൃഷിഭൂമിയുടെ അടിസ്ഥാന സൗകര്യവികസനവും, ഡ്രെയിനേജ് സംവിധാനങ്ങളും, ജലസേചന സംവിധാനങ്ങളും മെച്ചപ്പെടുത്തുന്നു. ഇതിലൂടെ കൃഷിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം മെച്ചപ്പെടുകയും ജലവിതരണം ഉറപ്പാക്കുകയും വെള്ളക്കെട്ട് പ്രശ്നങ്ങൾ ഒഴിവാക്കുയും ചെയ്യുന്നു.<br><br>കൂടാതെ കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി സബ്മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ കർഷകർക്ക് സബ്സിഡി നിരക്കിൽ വിവിധ കൃഷിയന്ത്രങ്ങൾ ലഭ്യമാക്കുന്നു. ഇതിൽ വിത്തു പാകുവാനുള്ള യന്ത്രങ്ങൾ, കീടനാശിനി തളിക്കുന്ന ഉപകരണങ്ങൾ, വിളവെടുപ്പ് തുടങ്ങിയ വിവിധ ഉല്പാദനാനന്തര (Post Harvest) ഭക്ഷ്യ പ്രോസസ്സിംഗ് ഉപകരണങ്ങൾ (പ്ലസ് |

| | | | |
|---|---|---|---|
| | | | മിൽ, ഓയിൽ എക്സ്ട്രാക്ഷൻ യൂണിറ്റ്, ഫ്ലവർ മിൽ മുതലായവ) യന്ത്രങ്ങൾ ഉൾപ്പെടുന്നു. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ (CHC), കാർഷിക കർമ്മ സേന, അഗ്രോ സർവീസ് സെന്ററുകൾ എന്നിവ മുഖേന വിവിധ തരം കാർഷിക യന്ത്രോപകരണങ്ങളും കാർഷിക സേവനങ്ങളും ലഭ്യമാക്കുന്നു. ആയതിനാൽ കൃഷിചെലവ് കുറച്ച്, കൂടുതൽ കാർഷിക ഉല്പാദനം സാധ്യമാക്കാം. നൂതന സാങ്കേതിക വിദ്യയായ ഡ്രോൺ മുഖേന ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ വളപ്രയോഗം ഫലവത്തായി നടത്താൻ സാധിക്കുന്നു.<br><br>സൂക്ഷ്മ ജലസേചനം പ്രോത്സാഹിപ്പിക്കുന്നതിന് ഡ്രിപ്പ്, സ്പ്രിൻക്ലർ തുടങ്ങിയ ആധുനിക ജലസേചന പദ്ധതികൾ നടപ്പാക്കുന്നു. ഇത് ജലസംരക്ഷണം ഉറപ്പാക്കുന്നതിനൊപ്പം ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. |
| (ഡി) | ഇതിലൂടെ കാർഷികോല്പാദന മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് സാധ്യമായത്; വിശദമാക്കുമോ? | (ഡി) | കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം വഴി താഴെ പറയുന്ന മാറ്റങ്ങൾ സാധ്യമാകുന്നു.<br>• സമയബന്ധിതമായി കൃഷി ചെയ്യുവാനും കൃഷിയിലെ ഉല്പാദന ചെലവ് കുറയ്ക്കാനും, പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് കൃഷിയെ സംരക്ഷിക്കാനും സഹായിക്കുന്നു.<br><br>• ജലസേചനത്തിൽ പുരോഗതി : RKVY-PDMC മുഖേന സൂക്ഷ്മ ജലസേചനം പ്രോത്സാഹിപ്പിച്ചതോടെ ജല ഉപയോഗം കുറച്ച് പരിസ്ഥിതി സൗഹാർദ്ദ കൃഷിക്ക് പ്രോത്സാഹനം നൽകാൻ സാധിച്ചു.<br>• ഡ്രെയിനേജ് സംവിധാനം മെച്ചപ്പെട്ടു : വെള്ളക്കെട്ട് പ്രശ്നങ്ങൾ ഒഴിവാക്കി, മണ്ണൊലിപ്പ് കുറച്ച് കൃഷിക്ക് അനുകൂലമായ സാഹചര്യം ഉറപ്പാക്കാൻ കഴിഞ്ഞു.<br><br>• വിളവെടുപ്പിനുശേഷമുള്ള നഷ്ടം കുറച്ചു : പോസ്റ്റ്-ഹാർവെസ്റ്റ് (Post Harvest) സംവിധാനങ്ങൾ മെച്ചപ്പെട്ടതോടെ വിളവെടുപ്പാനന്തര നഷ്ടം കുറയുകയും, ഉല്പന്നങ്ങളുടെ ഗുണനിലവാരം ദീർഘകാലം നിലനിർത്താൻ കഴിയുകയും ചെയ്തു.<br><br>• സംഭരണ സംവിധാനങ്ങളുടെ മെച്ചപ്പെടുത്തൽ : വിളവെടുപ്പിനുശേഷം ഉത്പന്നങ്ങളുടെ ഗുണനിലവാരം നിലനിർത്താൻ കഴിഞ്ഞു.<br><br>• പ്രോസസ്സിംഗ് ഉപകരണങ്ങൾ ലഭ്യമാക്കി : കർഷകർ ഉല്പന്നങ്ങൾ പ്രോസസ് ചെയ്ത് മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണിയിലെത്തിക്കാനും, അധിക വരുമാനം നേടാനും സഹായിച്ചു. |

| | | | |
|---|---|---|---|
| | | | • കസ്റ്റം ഹയറിംഗ് സെന്ററുകളുടെ (CHC) വികസനം : അത്യാധുനിക കൃഷിയന്ത്രങ്ങൾ കുറഞ്ഞ ചെലവിൽ ഉപയോഗിക്കാൻ കഴിയുന്നതുകൊണ്ട് ചെലവ് നിയന്ത്രിക്കാനും, ലാഭം വർദ്ധിപ്പിക്കാനും സഹായിച്ചു.<br>• പ്രാദേശിക തൊഴിലവസരങ്ങൾ വർദ്ധിച്ചു : കൃഷിയന്ത്രങ്ങൾ, പ്രോസസ്സിംഗ് യൂണിറ്റുകൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ തുടങ്ങിയവയുടെ വ്യാപനത്തോടെ തൊഴിലവസരങ്ങൾ വർദ്ധിച്ചു.<br>• ഗ്രാമീണ യുവതിയുവാക്കൾക്ക് അവസരങ്ങൾ : കാർഷിക യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾ ആരംഭിക്കാൻ കൂടുതൽ അവസരങ്ങൾ ലഭ്യമായി.<br><br>മേൽ നടപടികളിലൂടെ കാർഷികമേഖലയിൽ കൂടുതൽ സുസ്ഥിരമായ മാറ്റം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| മുൻ വർഷത്തെ അപേക്ഷിച്ചുള്ള വളർച്ചാനിരക്ക് (%) | | | | | |
|---|---|---|---|---|---|
| | 2020-21 | 2021-22 | 2022-23 | 2023-24 | 2023-24 over 2020-21 |
| At Constant Price (സ്ഥിരവില) | 3.00 | 2.80 | 4.32 | 4.08 | 11.62 |
| At Current Price (നിലവിലെ വില) | 5.45 | 6.59 | 7.98 | 4.15 | 19.87 |

സെക്ഷൻ ഓഫീസർ

Scanned with OKEN Scanner